# ഖുർആനിലെ ശാസ്ത്രസൂചനകൾ

jthrees@hotmail.com

## ആമുഖം

ഏകദൈവവിശ്വാസത്തെ സംബന്ധിച്ച് ആധുനിക ശാസ്ത്രനിഗമനങ്ങൾ ശക്തമായ രണ്ട് സമീപങ്ങൾക്കിടയിലാണ് എത്തിനില്ക്കുന്നത്. ഒന്ന്, ഖുർആൻ അവിടവിടെയായി പരാമർശിച്ച ശാസ്ത്രവിശകലനങ്ങളെ ശരിവെക്കുകയും അതിൻെറ വെളിച്ചത്തിൽ ദൈവാസ്തിക്യത്തെ അംഗീകരിക്കുകയും ചെയ്യുന്ന ബുദ്ധിപരമായ സമീപനം.

രണ്ട്, ശാസ്ത്രീയ വിജ്ഞാനം കൂടുതൽ ആർജിക്കും തോറും പ്രപഞ്ചത്തിനു പിന്നിലെ ശക്തിയെ അംഗീകരിക്കുന്നതിനു പകരം അതിനെ നിരാകരിക്കുന്ന ബുദ്ധിരഹിത സമീപനം. ഈ രണ്ട് സമീപനങ്ങൾക്കും നൂറ്റാണ്ടുകളുടെ പഴക്കമുണ്ടെങ്കിലും ആധുനിക കാലത്ത് അവ ശക്തമാവുകയും ധ്രുവീകരണം ശക്തമാവുകയുമാണ്.

ദൈവാസ്തിക്യത്തെ അംഗീകരിക്കുന്ന വിഭാഗത്തിന് ഖുർആനിലെ ശാസ്ത്രസൂചനകളാണ് പ്രധാനമായും പ്രചോദനം നല്കിയത്. ദൈവികവ്യവസ്ഥിതിയെ സംബന്ധിച്ച് അവർ ആഴത്തിൽ പഠനവിധേയമാക്കിയിട്ടില്ലെങ്കിലും ബുദ്ധിപൂർവകമായ രീതിയിൽ അവർ പ്രപഞ്ചസ്രഷ്ടാവിൻെറ അംഗീകരിക്കുകയുണ്ടായി. പലരും ഇതിനകം ഏകദൈവ വിശ്വാസികളാവുകയും ചെയ്തു. ഐൻസ്റ്റിൻെറ അവസാനനാളുകളിൽ ഇത്തരം ചിന്തയിലാണ് അദ്ദേഹം കഴിച്ചുകൂട്ടിയത്. പ്രപഞ്ചത്തിലെ ഏറ്റവും ചെറുതും സൂക്ഷ്മവുമായ അണുവിനെയും ഭീമാകാര വസ്തുവിനെയും ഒരുപോലെ ഒരേ നിയമത്തിൽ ബന്ധിക്കുന്ന പാശത്തെക്കുറിച്ച് അദ്ദേഹം ചിന്തിച്ചു. ചെറിയ ബിന്ദുവിനെ ഭരിക്കുന്ന നിയമവും ശക്തിയുമാണ് വലിയവയെയും ഭരിക്കുന്നതെന്ന് അദ്ദേഹം കണ്ടെത്തി. പക്ഷേ, തൻെറ പഠനം പൂർത്തിയാക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. അദ്ദേഹത്തെപ്പോലെ ഒട്ടേറെ ശാസ്ത്രജ്ഞർ ഈ രീതിയിൽ പഠനവുമായി മുന്നോട്ടുപോവുകയുണ്ടായി. ഖുർആനിലെ ശാസ്ത്രീയപരാമർശങ്ങളെ ആധുനിക ശാസ്ത്രവിജ്ഞാനത്തിൻെറ വെളിച്ചത്തിൽ വിലയിരുത്തിക്കൊണ്ട് അവരൊക്കെ ഈ സമീപനത്തിൽ എത്തിച്ചേർന്നത്. ഖുർആൻ പല ശാസ്ത്രശാഖകളിലും മനുഷ്യന് ഒട്ടേറെ വിജ്ഞാനം നല്കുകയും ശാസ്ത്രലോകത്തിന് അത് വെളിച്ചമാവുകയും ചെയ്തുവെന്ന് അവർ സാക്ഷ്യപ്പെടുത്തുകയുണ്ടായി.

ഖുർആൻ കേവലം ശാസ്ത്രഗ്രന്ഥമല്ല. പക്ഷേ, അതിൽ അവിടവിടെയായി ചില ശാസ്ത്രീയ സൂചനകൾ വെട്ടിത്തിളങ്ങുന്നത് കാണാം. ഈ സൂചനകൾ മുഴുവൻ പ്രപഞ്ചത്തെ സംബന്ധിച്ച ബൃഹത്തായ പഠനത്തിലേക്ക് മനുഷ്യബുദ്ധിയെ നയിക്കാൻ പര്യാപ്തമാണ്. എന്നാൽ ഈ പ്രപഞ്ചത്തിൻെറ ചെറിയ ഒരംശത്തെക്കുറിച്ചു പോലും പഠിക്കാനും അതിലെ മുഴുവൻ കാര്യങ്ങളും ചികഞ്ഞെടുക്കാനും മനുഷ്യൻെറ ഇതുവരെയുള്ള പരിശ്രമങ്ങൾക്ക് സാധിച്ചിട്ടില്ല, സ്രഷ്ടാവ് നല്കിയ അറിവല്ലാതെ മറ്റൊന്നും നമ്മുടെ പക്കലില്ല. ഭൂമിയിലുള്ള വൃക്ഷങ്ങൾ മുഴുവൻ പേനകളും എല്ലാ സമുദ്രങ്ങളും മഷിയുമായാൽ പോലും അവൻെറ അറിവും പ്രാപഞ്ചിക കാര്യങ്ങളും എഴുതിത്തീർക്കാൻ സാധിക്കുകയില്ല.

ഏകദൈവം ഈ പ്രപഞ്ചസൃഷ്ടിപ്പിന് അസ്തിവാരമാക്കിയിട്ടുള്ളത് രണ്ട് കാര്യങ്ങളാണ്.

1. അവകാശവും യുക്തിദീക്ഷയും.
2. സത്യവും നീതിയും.

മഹത്തായ ഒരു ലക്ഷ്യം ഈ പ്രപഞ്ചസൃഷ്ടിപ്പിന് പ്രേരകമായിട്ടുണ്ട്. അതിനാലാണ് തികഞ്ഞ യുക്തിദീക്ഷയോടെ അവൻ തൻെറ സൃഷ്ടിക്രിയ നടത്തിയിട്ടുള്ളത്. അവൻ അതെപ്പറ്റി ഇങ്ങനെ പറഞ്ഞു:

*“ആകാശത്തെയും ഭൂമിയെയും അവ രണ്ടിനുമിടയിലുള്ളതിനെയും നാം കളിയായിക്കൊണ്ട് സൃഷ്ടിച്ചതല്ല.”* (ഖുർആൻ 21: 16).

ഇതുപോലെ ഒട്ടേറെ വചനങ്ങൾ പ്രപഞ്ചസൃഷ്ടിപ്പിൻെറ യുക്തിയുമായി ബന്ധപ്പെട്ട് ഖുർആനിൽ കാണാൻ സാധിക്കും.

ഏകദൈവത്തിൻെറ അവകാശമാണ് ഈ സൃഷ്ടിക്രിയക്കാധാരം. അവൻെറ അവകാശ മനുസരിച്ചു തന്നെയാണ് അതിലെ മുഴുവൻ കാര്യങ്ങളെയും അവൻ നിയന്ത്രിച്ചുകൊ ണ്ടിരിക്കുന്നത്. ആ അവകാശത്തിൻെറ അടിസ്ഥാനത്തിലുള്ള വിധിയാണ് അണു മുതൽ പരമാണു വരെ അംഗീകരിച്ചു ഈ പ്രാപഞ്ചിക ഘടനയിൽ നിലനില്ക്കുന്നത്. അവൻ നിശ്ചയിച്ച സത്യത്തിലും നീതിയിലും അധിഷ്ഠിതമാണ് സർവതിൻെറയും പ്രവർത്തനം. അഥവാ ഈ ഘടനയിലെ സർവതും സ്രഷ്ടാവ് നിശ്ചയിച്ച നിയമം പാലിക്കാൻ നിർബന്ധിതരാണ്.

ഏകദൈവം ഇവിടത്തെ ഓരോന്നും മനുഷ്യന് വിധേയമാക്കിക്കൊടുത്തിട്ടുണ്ട്. അവയുടെ പ്രകൃതിയും സ്വഭാവവും ചര്യകളുമെല്ലാം ഈ വിധേയമാക്കലിൽ പെടും. ഈ സൗകര്യ ങ്ങൾ അനുഭവിച്ചുകൊണ്ട് ആരാണ് തൻെറ സ്രഷ്ടാവിനെ അംഗീകരിച്ചു കൂടുതൽ നന്മ ചെയ്യുന്നവൻ എന്ന് മനുഷ്യനെ പരീക്ഷിക്കുന്നതിനു വേണ്ടിയാണിതെല്ലാം.

## ഖുർആൻെറ സ്ഥാനം

ഖുർആൻ ഒരു ശാസ്ത്രപുസ്തകമല്ല എന്ന് വ്യക്തമാക്കുകയുണ്ടായി. പക്ഷേ, അതി ലെ പ്രതിപാദനവിഷയങ്ങൾ ഈ പ്രപഞ്ചത്തോളം വിപുലമാണ്. അഥവാ മനുഷ്യ ബുദ്ധിക്കു മുമ്പിൽ തുറന്നു വെച്ച ഒരു ബൃഹദ്പ്രപഞ്ചമാണ് ഖുർആൻ. വിജ്ഞാന ത്തിൻെറ ഹിമാലയവും സാഗരങ്ങളും ചിപ്പികളും മുത്തുകളുമൊക്കെ അതിൽ അനേക മുണ്ട്. മനുഷ്യജീവിതത്തിന് ആവശ്യമായതൊന്നും അതിൽ വിവരിക്കപ്പെടാതെ ബാക്കി വെച്ചിട്ടില്ല. (ഖുർആൻ).

അത് ലോകത്തിൻെറ വെളിച്ചവും വഴികാട്ടിയുമാണ്. ഇന്ന് ആധുനികശാസ്ത്രം പ്രപഞ്ച ത്തെപ്പറ്റി കാര്യക്ഷമമായി തന്നെ പഠനം നടത്തുന്നുണ്ട്. പല പുതിയ നിഗമനങ്ങളിലും അത് എത്തുന്നുമുണ്ട്. ശാസ്ത്രയാഥാർഥ്യങ്ങൾ മനുഷ്യനു മുമ്പിൽ പലപ്പോഴും പ്രാപഞ്ചി കവിസ്മയങ്ങളെ തുറന്നുകാണിക്കുന്നു. എന്നാൽ, മനുഷ്യന് കണ്ടെത്താൻ സാധിക്കുന്ന തും അല്ലാത്തതുമായ പ്രപഞ്ചരഹസ്യങ്ങളിലേക്ക് ഖുർആൻ പതിനാല് നൂറ്റാണ്ടുകൾക്കു മുമ്പ് തന്നെ മനുഷ്യബുദ്ധിയെ കൂട്ടിക്കൊണ്ടുപോവുകയുണ്ടായി. പക്ഷേ, അന്ന് അതിനെ അപഗ്രഥിക്കാൻ മാത്രം മനുഷ്യബുദ്ധിയും വിഭവങ്ങളും വികസിച്ചിരുന്നില്ല. ഇന്നാകട്ടെ അവൻെറ ബുദ്ധിശക്തിയും ധിഷണാപാടവവും ശക്തിയാർജിച്ചിരിക്കുന്നു. എത്ര വേഗ ത്തിലാണ് എല്ലാം അവൻെറ കൈപിടിയിൽ ഒതുങ്ങുന്നത്. പ്രകാശത്തെക്കാൾ ശക്തി യേറിയ കണങ്ങളെക്കുറിച്ചും പ്രകാശത്തെപ്പോലും തടഞ്ഞുവെക്കാൻ കഴിവുള്ള ആകർ ഷണശക്തികളെക്കുറിച്ചും അവൻെറ പഠനം കണ്ടെത്തിക്കഴിഞ്ഞു. ഇത്രയും ബൃഹത്തും സാങ്കേതികവുമായ രീതിയിൽ അവൻെറ ശാസ്ത്രീയനിരീക്ഷണം എല്ലാറ്റിനെയും കീഴട ക്കുന്നുണ്ടെങ്കിലും ഏകദൈവാസ്തികൃത്തിലുള്ള വിശ്വാസത്തിനാണ് ഇനിയും ശക്തി കൈവരേണ്ടത്.

അതെയവസരം ശാസ്ത്രജ്ഞന്മാരും വാനഗോളവിജ്ഞാനികളും കണ്ടെത്തിയ ഏറ്റവും ആധുനികമായ കണ്ടെത്തലുകളെപ്പോലും അഭിമുഖീകരിക്കാനും അവർ സമർപ്പിക്കുന്ന ശാസ്ത്രീയ യാഥാർഥ്യങ്ങളെക്കാൾ ശക്തവും മിഴിവുറ്റുമായ ജീവിതയാഥാർഥ്യങ്ങളെ മനുഷ്യനു മുമ്പിൽ സമർപ്പിക്കാനും ശക്തമാണ് ഖുർആനികസൂക്തങ്ങൾ.

പ്രപഞ്ചത്തിൻെറ യാഥാർഥ്യം, അതിൻെറ ആരംഭവും വളർച്ചയും, അതിൻെറ ഘടന യും വ്യവസ്ഥയും അതിലെ ഓരോ അംശങ്ങളിലുമുള്ള യാഥാർഥ്യങ്ങൾ, ഈ പ്രാപഞ്ചി കഘടന ഏത് യാഥാർഥ്യത്തിന്മേലാണ് നിലകൊള്ളുന്നത് തുടങ്ങി എല്ലാറ്റിനെപ്പറ്റിയും

ഖുർആൻ വിശദീകരിക്കുന്നു. കൂടെ ആരാണ് വിസ്മയകരമായ ഈ യാഥാർഥ്യങ്ങൾക്കു പിന്നിലെന്ന് യുക്തമായി മനുഷ്യൻെറ ബുദ്ധിക്കു മുമ്പിൽ തുറന്നുകാണിക്കുകയും ചെയ്യുന്നു.

ഖുർആൻ അതിൻെറ പ്രത്യേകമായ ശൈലിയിലൂടെയാണ് അക്കാര്യം വിവരിക്കുന്നത്. അതിനാൽ തന്നെ ചിലപ്പോൾ ശാസ്ത്രപരാമർശത്തിൻെറയും ചിലപ്പോൾ മറ്റ് പ്രഭാഷണങ്ങളുടെയും വേറെ ഘട്ടങ്ങളിൽ ചരിത്രപരാമർശത്തിൻെറയും ചിലപ്പോൾ മുന്നറിയിപ്പിൻെറയും സന്തോഷവാർത്തയുടെയുമൊക്കെ ശൈലിയിലും രീതിയിലുമാണ് അത് മനുഷ്യബുദ്ധിയുമായി സംവദിക്കുന്നത്.

## ചില ഉദാഹരണങ്ങൾ

*"ഉപരിലോകങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പും നിങ്ങളുടെ ഭാഷകളുടെയും വർണങ്ങളുടെയും വൈവിധ്യവും അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ്. അറിവുള്ളവർക്ക് അതിൽ ദൃഷ്ടാന്തങ്ങളുണ്ട്." (ഖുർആൻ 30: 22)*

*"ആകാശവും ഭൂമിയും അവൻെറ ശാസനയനുസരിച്ചു നിലകൊള്ളുന്നുവെന്നത് അവൻെറ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. പിന്നീട് നിങ്ങളെ ഭൂമിയിൽനിന്ന് (മരണാനന്തരം) അവൻ ഒരു വിളിയങ്ങ് വിളിക്കുമ്പോൾ നിങ്ങളതാ അവങ്കലേക്ക് പുറപ്പെടുന്നു." (ഖുർആൻ: 30: 25)*

*"ഉപരിലോകങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും ദിനരാത്രങ്ങൾ മാറിമാറി വരുന്നതിലും ജനോപകാരപ്രദമായ വസ്തുക്കളുമായി കടലിലൂടെ സഞ്ചരിക്കുന്ന കപ്പലിലും അല്ലാഹു ഉപരിഭാഗത്തുനിന്ന് വെള്ളം ചൊരിഞ്ഞു തന്നിട്ട് അതുവഴി നിർജ്ജീവമായി കിടന്നിരുന്ന ഭൂമിക്ക് ജീവൻ നല്കിയതിലും ഭൂമിയിൽ ജന്തുജാലങ്ങളെ വിന്യസിപ്പിച്ചതിലും കാറ്റുകളുടെ ഗതിവിപര്യയത്തിലും ആകാശഭൂമികൾക്കിടയിലൂടെ ആനയിക്കപ്പെടുന്ന കാർമേഘങ്ങളിലും ചിന്തിക്കുന്നജനത്തിന് ദൃഷ്ടാന്തങ്ങളുണ്ട്." (ഖുർആൻ 2: 164)*

*"സത്യനിഷേധികൾ കണ്ടില്ലേ, ഉപരിലോകങ്ങളും ഭൂമിയും ഒട്ടിച്ചേർന്നവയായിരുന്നു. എന്നിട്ട് നാം അവയെ വേർപ്പെടുത്തി. വെള്ളത്തിൽനിന്ന് എല്ലാ ജൈവവസ്തുക്കളെയും നാം ഉണ്ടാക്കുകയും ചെയ്തു. എന്നിട്ടും അവർ വിശ്വസിക്കുന്നില്ലേ? ഭൂമിയിൽ ഉറച്ചുനില്ക്കുന്നപർവതങ്ങളെ നാം ഉണ്ടാക്കി. അവരെയുംകൊണ്ട് അത ്(ഭൂമി) ഇളകിപ്പോകാതിരിക്കാൻ വേണ്ടി. ആ പർവതങ്ങളിൽ വിശാലമായ പാതകളും നാംഉണ്ടാക്കി. അവർ വഴി കണ്ടെത്തുന്നതിന്."*
*(ഖുർആൻ 21: 30-31)*

*"അവൻ രാത്രിയെ പകലിൽ വിലയിപ്പിക്കുന്നു, പകലിനെ രാത്രിയിലും. അവൻ സൂര്യനെയും ചന്ദ്രനെയും കീഴപ്പെടുത്തിയിരിക്കുന്നു." (ഖുർആൻ 39: 5)*

*"ഭൂമിയെ നാം വിശാലമാക്കുകയും അതിൽ ഉറച്ചു നില്ക്കുന്ന പർവതങ്ങൾ സ്ഥാപിക്കുകയും എല്ലാം സംതുലിതമായിക്കൊണ്ട് അതിൽ മുളപ്പിക്കുകയും ചെയ്തിരിക്കുന്നു." (ഖുർആൻ 15: 19)*

ഇതൊക്കെ പ്രപഞ്ചസ്രഷ്ടാവായ ഏകദൈവത്തിൻെറ ശക്തി-മാഹാത്മ്യമത്രെ. അവൻ സൃഷ്ടി തീരുമാനിച്ചാൽ ഉണ്ടാകുകയെന്ന് പറയുകയേ വേണ്ടതുള്ളൂ അവൻെറ ഇഛക്കൊത്ത് അതുണ്ടാകും.

ഒട്ടേറെ ദൃഷ്ടാന്തങ്ങൾ ഖുർആൻ മനുഷ്യമനസ്സുകൾക്ക് വീണ്ടുവിചാരത്തിനായി സമർപ്പിക്കുന്നുണ്ട്. ശാസ്ത്രവീക്ഷണം പോകട്ടെ, അക്ഷരാഭ്യാസം പോലുമില്ലാതിരുന്ന ഒരു പ്രവാചകനിലൂടെയാണ് ലോകം ഈ വാക്കുകൾ കേൾക്കാൻ തുടങ്ങിയത്. ഇതെങ്ങനെ സംഭവിച്ചു? സർവജ്ഞനായ ഏകദൈവം തൻെറ ജ്ഞാനത്തിൽനിന്ന് തൻെറ ദൈവദൂതനെ അറിയിച്ചു. അദ്ദേഹം അത് ലോകത്തിന് എത്തിച്ചുതന്നു. അതുവഴി അവർ തങ്ങളുടെ സ്രഷ്ടാവിനെ കണ്ടെത്തുന്നതിനു വേണ്ടി.

മനുഷ്യൻെറ ബുദ്ധിയിലും പഞ്ചേന്ദ്രിയങ്ങളിലും വസ്തുക്കളുടെ സൗന്ദര്യത്തിലും പ്രപഞ്ചവസ്തുക്കളുടെ പരസ്പര സംയോജനത്തിലും സംതുലിതത്വത്തിലും മാറിമാറി വരുന്ന ജീവിതചക്രങ്ങളിലും പ്രപഞ്ചത്തിൻെറ നിത്യേനയുള്ള ചലനങ്ങളെപ്പറ്റിയും ചിന്തിക്കുക.

വാനലോകത്തെപ്പറ്റി, ഭൂമിയെപ്പറ്റി എല്ലാറ്റിനെക്കുറിച്ചും ശാന്തമായി ചിന്തിക്കുക. എന്തിനെന്നല്ലേ, ഈ പ്രപഞ്ചത്തിന് പിന്നിൽ പ്രവർത്തിക്കുന്ന ഏകനെ കണ്ടെത്തുവാൻ.

അല്ലാഹു പറഞ്ഞു:
*"ഏഴ് ആകാശങ്ങളെ അടുക്കടുക്കുകളായി സൃഷ്ടിച്ചവനത്രെ അവൻ. പരമകാരുണികൻെറ സൃഷ്ടിപ്പിൽ യാതൊരു ഏറ്റക്കുറവും നീ കാണുകയില്ല. എന്നാൽ നീ ദൃഷ്ടി ഒന്നുകൂടി തിരിച്ചുകൊണ്ടുവരൂ. വല്ല വിടവും നീ കാണുന്നുണ്ടോ? പിന്നീട് രണ്ട് തവണ നീ കണ്ണിനെ തിരിച്ചു കൊണ്ടുവരൂ. നിൻെറ അടുത്തേക്ക് ആ കണ്ണ് പരാജയപ്പെട്ട നിലയിലും പരവശമായിക്കൊണ്ടും മടങ്ങിവരും."* (ഖുർആൻ 67: 3-4)

## എന്തിനു വേണ്ടി?

ഈ വിവരണങ്ങളും ചിത്രീകരണങ്ങളും കൊണ്ട് അതിൻെറ കർത്താവ് ഉദ്ദേശിക്കുന്നത് മനുഷ്യൻ തൻെറ ഏകദൈവമായ പ്രപഞ്ചസ്രഷ്ടാവിനെ കണ്ടെത്തുകയെന്ന ആത്യന്തിക ലക്ഷ്യം സാധിക്കുകയെന്നതിനാണ്. കാരണം, അവൻ ഏകദൈവത്തിൻെറ ഭൂമിയിലെ പ്രതിനിധിയാണ്. പ്രതിനിധിയെന്ന നിലക്ക് തൻെറ സ്രഷ്ടാവിൻെറ അഭീഷ്ടങ്ങൾക്കൊത്ത് ജീവിക്കുകയെന്നതാണ് മനുഷ്യൻെറ ബാധ്യത. അതിന് മുന്നോടിയായി തൻെറ ദൈവത്തെ കണ്ടെത്തുകയത്രെ പ്രഥമമായി മനുഷ്യന് ചെയ്യാനുള്ള ബുദ്ധിപരമായ ബാധ്യത. അതിനായി ഏകദൈവം പല സംവിധാനങ്ങളും ഇവടെ ചെയ്തു വെച്ചിട്ടുണ്ട്. പ്രവാചകനിയോഗം മുതൽ പ്രപഞ്ചത്തിലും മനുഷ്യശരീരത്തിലും, അവൻ ജീവിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്ന മറ്റു മേഖലകളിലും വസ്തുക്കളിലുമുള്ള തെളിവുകൾ ചികഞ്ഞെടുത്ത് ദൈവികദൃഷ്ടാന്തമെന്ന നിലക്ക് മനുഷ്യൻെറ മുമ്പിൽ സമർപ്പിക്കുന്നതുവരെ അതിനുള്ള സംവിധാനങ്ങളാണ്.

ഇരുപത്തിമൂന്നു കൊല്ലക്കാലം കൊണ്ടാണ് ഖുർആൻെറ അവതരണം പൂർത്തിയായത്. അതിനകം മനുഷ്യന് ഏകദൈവവുമായും പ്രപഞ്ചവുമായുമുള്ള ബന്ധത്തെപ്പറ്റിയും അതിൽ മനുഷ്യൻെറ സ്ഥാനത്തെപ്പറ്റിയും ഉത്തരവാദിത്തങ്ങളെ സംബന്ധിച്ചും കർമങ്ങളുടെ പരിണതികളെ സംബന്ധിച്ചും ആഴത്തിൽ, ആവർത്തിച്ച് അവനെ ബോധവാനാക്കുകയുണ്ടായി. ഈ പ്രതിപാദനങ്ങൾക്കിടയിലൊക്കെ അവൻെറ ഹൃദയം തുറക്കുന്നതിനാവശ്യമായ തെളിവുകൾ എന്ന നിലക്കാണ് വിവിധ ദൃഷ്ടാന്തങ്ങൾ സമർപ്പിച്ചത്.

അവൻ ചോദിച്ചു:
*"ദൃഢവിശ്വാസമുള്ളവർക്ക് ഭൂമിയിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്, നിങ്ങളിൽ തന്നെയും. എന്നിട്ട് നിങ്ങൾ കണ്ടറിയുന്നില്ലേ?"* (ഖുർആൻ 51: 20-21)

ഈ ദൃഷ്ടാന്തവിവരണങ്ങളിൽ പ്രപഞ്ചസൃഷ്ടിപ്പിനെ സമഗ്രമായി പരാമർശിക്കുകയോ അതിൻെറ രീതികൾ ക്രമരൂപത്തിൽ വിശദീകരിക്കുകയോ ചെയ്തിട്ടില്ല. കാരണം, ഖുർആൻ അടിസ്ഥാനപരമായി അതിനു വേണ്ടി അവതരിച്ചതല്ല, ഏകദൈവ സമർഥനത്തിനുവേണ്ടി മറ്റനേകം ദൃഷ്ടാന്തങ്ങളുടെ കൂടെ പ്രപഞ്ചസൃഷ്ടിപ്പിനെക്കുറിച്ചും പ്രതിപാദിച്ചു എന്നു മാത്രം. അതിനാൽ പ്രാപഞ്ചികസൃഷ്ടിപ്പിൻെറ ക്രമപ്രവൃദ്ധമായ രീതിശാസ്ത്രം ഖുർആനിൽ പരതുന്നത് ശരിയല്ല.

ചുരുക്കത്തിൽ ഏകദൈവം മനുഷ്യനു വേണ്ടി തിരഞ്ഞെടുത്ത ശരിയായ ജീവിതമാർഗം അവർ കണ്ടെത്തുന്നതിനും അതനുസരിച്ചു ജീവിക്കുന്നതിനും അവരെ ഉദ്ബോധിപ്പിക്കുകയും ആവശ്യമായ സമയങ്ങളിൽ ദൃഷ്ടാന്തങ്ങളെന്നവണ്ണം അവരുടെ മുമ്പിൽ വിശദീകരിക്കുകയും ചെയ്ത ദൈവാസ്തികൃത്തിനുള്ള ഭൗതിക തെളിവുകളാണ് ഖുർആൻ പരാമർശിക്കുന്ന ശാസ്ത്രപരാമർശങ്ങൾ. ഇതെല്ലാം ശരിയായ ജ്ഞാനത്തിൻെറയും യുക്തിയുടെയും വെളിച്ചത്തിൽ ഏകദൈവം വ്യക്തമാക്കിയ കാര്യങ്ങളാണ്. മനുഷ്യന് അതെപ്പറ്റി ധാരണ പോലും ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിലാണ് അരുളിയത്.

ഖുർആനിലെ ഈവക പരാമർശങ്ങളെ സംബന്ധിച്ച് അവ തെറ്റാണെന്ന് കരുതാൻ ശാസ്ത്രത്തിന് സാധിച്ചിട്ടില്ല. ആധുനിക ശാസ്ത്രം അതിൻെറ പരാമർശങ്ങളെ അവലംബിക്കുകയാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ടാണ് വിഖ്യാതരായ പല ശാസ്ത്രകാരന്മാരും ഖുർആൻ പഠനത്തിനിടെ അതിൻെറ വക്താക്കളായി മാറിയത്.

ഖുർആൻ മനുഷ്യമനസ്സിനെ തൊട്ടുണർത്തുന്നു, അവൻെറ ബുദ്ധിയെ ഉദ്ദീപിപ്പിക്കുന്നു, അവൻെറ ചിന്തയെ സമ്പുഷ്ടമാക്കുന്നു, മനസ്സിനെ കീഴടക്കുന്നു. പക്ഷേ, അതൊന്നും അത്ഭുതങ്ങൾ പ്രകടിപ്പിക്കുന്ന ഇതിഹാസകഥാപാത്രങ്ങളെ അണിനിരത്തിക്കൊണ്ടല്ല, കണ്ണും കാതും മനസ്സും തുറന്നുവെക്കാൻ തയാറുള്ള ഏതൊരാൾക്കും സംവേദിച്ചറിയാനും ഗ്രഹിക്കാനും സാധിക്കും വിധം പ്രപഞ്ചദൃഷ്ടാന്തങ്ങൾ വിവരിച്ചു കൊണ്ടാണ് അത് ചെയ്തിട്ടുള്ളത്. ഏകദൈവത്തിൻെറ അസ്തിത്വത്തിനും അവൻെറ അതുല്യമായ കഴിവുകൾക്കും തെളിവ് നിരത്തുന്ന ഖുർആൻെറ രീതി യുക്തി ബദ്ധുരവും ഹൃദയാവർജകവുമത്രെ. ആധുനിക ശാസ്ത്രജ്ഞരെപ്പോലും അമ്പരപ്പിക്കും വിധം അത് പ്രാപഞ്ചികപ്രതിഭാസങ്ങൾ മനുഷ്യബുദ്ധിക്കു മുമ്പിൽ സമർപ്പിക്കുന്നു.

## പ്രതിപാദന രീതി

ഏകദൈവാസ്തിക്യത്തെ സംബന്ധിച്ച് മനുഷ്യരെ ബോധ്യപ്പെടുത്തുകയത്രെ ഖുർആൻ ഈ വിവരണങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് സൂചിപ്പിച്ചു. അതിനാൽ ചിലപ്പോൾ ഏകദൈവത്തിൻെറ ശക്തിമാഹാത്മ്യം എടുത്തോതേണ്ടി വരും. അത്തരം സന്ദർഭങ്ങളിൽ ആകാശങ്ങളുടെയും സൂര്യ-ചന്ദ്ര-നക്ഷത്രലോകങ്ങളുടെയും സൃഷ്ടിപ്പിനെപ്പറ്റി പറയും. ചിലപ്പോൾ അവൻ മനുഷ്യർക്ക് ചെയ്തുകൊടുത്ത ഔദാര്യങ്ങളെ ഓർമപ്പെടുത്തിയായിരിക്കും കാര്യം ബോധ്യപ്പെടുത്തുക. അത്തരം സന്ദർഭങ്ങളിൽ ഭൂമിയെപ്പറ്റിയും മഴയെപ്പറ്റിയും അതിൽനിന്ന് മനുഷ്യൻ നേടിയെടുക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്നു.

ഖുർആൻ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യത്തിനുള്ള എളിയ ശ്രമം എന്ന നിലക്ക് പ്രാപഞ്ചികവസ്തുക്കൾ, പ്രതിഭാസങ്ങൾ, വസ്തുതകൾ, മനുഷ്യശരീരത്തിലെ ദൃഷ്ടാന്തങ്ങൾ, ആകാശലോകത്തെ വിസ്മയങ്ങൾ, ഭൂമിയിലും ഭൂമിക്കടിയിലുമുള്ള വസ്തുതകൾ, വായുമണ്ഡലത്തിലുള്ള യാഥാർഥ്യങ്ങൾ, സമുദ്രം, വിവിധ ഗ്രഹങ്ങൾ, വിവിധ ജീവികളിലടങ്ങിയ ദൃഷ്ടാന്തങ്ങൾ തുടങ്ങി ഖുർആൻ സൂചന നല്കിയ ഏതാനും ചില ദൃഷ്ടാന്തങ്ങളെ വളരെ പരിമിതിയിൽ നിന്നുകൊണ്ട് ലളിതമായി പരിചയപ്പെടുത്തുകയാണ് ഈ പഠനം കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ വിഷയകമായി ഒട്ടേറെ ഗ്രന്ഥങ്ങൾ മലയാളത്തിലും മറ്റു ഭാഷകളിലും രചിക്കപ്പെട്ടിട്ടുണ്ട്. അവ റഫർ ചെയ്യുന്നത് കൂടുതൽ നന്നായിരിക്കും.

ഈ പഠനം തയാറാക്കുന്നതിന് പ്രധാനമായും റഫർ ചെയ്ത കൃതികൾ:


1. ഖുർആൻ ഒരു സത്യാന്വേഷിയുടെ മുമ്പിൽ. - നിച്ച് ഓഫ് ട്രൂത്ത് പ്രസിദ്ധീകരണം
2. A Brief Illustrated Guide to Understanding Islam - Darussalam Publications –Huston
3. അല്ലാഹു ഖുർആനിൽ - ഐ.പി.എച്ച്. പ്രസിദ്ധീകരണം
4. This Is the Thrth - Compiled by:Mohammed M.Al-Rehaili
5. അൽ ഹിക്മതു ഫീ മഖ്ലൂഖാതില്ലാഹ്. - ഇമാം ഗസ്സാലി, ദാറു ഇഹ്യാഉൽ ഉലൂം, ബൈറൂത്ത്
6. The Qur’an and Modern Scienc - Dr.Maurice Bucaille